**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 364** **07-10-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പഞ്ചായത്ത്/ മുൻസിപ്പാലിറ്റികളിൽ പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നു വ്യക്തമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 10,00,000/- (പത്ത് ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. ‘കോലഴി ഗ്രാമപഞ്ചായത്തിലെ കൈതച്ചാൽ റോഡ് പുനരുദ്ധാരണം കോലഴി ഗ്രാമ പഞ്ചായത്ത് വാർഡ് 11’ പദ്ധതിക്ക് സ.ഉ(സാധാ) നം. 208/2024 DMD തീയതി 19.02.2024 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ നിലവിൽ 2023-24 വർഷത്തെ ഫ്ലഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി മുൻസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ? | (ബി) | 2023-24 വർഷത്തിൽ 'കോലഴി ഗ്രാമപഞ്ചായത്തിലെ കൈതച്ചാൽ റോഡ് പുനരുദ്ധാരണം കോലഴി ഗ്രാമ പഞ്ചായത്ത് വാർഡ് 11’ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി ലഭ്യമായിട്ടുള്ള പദ്ധതി ജില്ലാ കളക്ടറുടെ നിർവ്വഹണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ